# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 3183** **21.08.17-ൽ മറുപടി നൽകേണ്ടത്**

| | ചോദ്യം<br>ശ്രീ.കെ.മുരളീധരൻ<br>,, വി.പി.സജീന്ദ്രൻ<br>,, വി.ടി.ബൽറാം<br>,, അനിൽ അക്കര | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് പിഴ ചുമത്തി ക്രമവൽക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾ നിബന്ധനകൾക്ക് വിധേയമായി സുരക്ഷാ കാര്യങ്ങളിൽ വിട്ടുവീഴ്ചയില്ലാതെ പിഴ ചുമത്തി ക്രമവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ആയത് സംബന്ധിച്ച ശിപാർശ സമർപ്പിക്കുന്നതിനായി സമിതിയെ നിയോഗിച്ചിരുന്നോ; പ്രസ്തുത സമിതി നൽകിയ ശിപാർശകൾ എന്തൊക്കെയാണ്; | (ബി) | 24/03/17-ലെ സ.ഉ(സാധാ) നം.859/17/തസ്വഭവ ഉത്തരവ് പ്രകാരം സമിതിയെ നിയോഗിച്ചിട്ടുണ്ട്. സമിതി തയ്യാറാക്കി നൽകിയ കരട് ചട്ടങ്ങൾ പരിശോധിച്ചു വരികയാണ്. |
| (സി) | ക്രമവിരുദ്ധമായി കെട്ടിയ വൻകിട നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നത് ഭാവിയിലുണ്ടാകുന്ന റോഡ് വികസനം ഉൾപ്പെടെയുള്ള വിഷയങ്ങളെ ദോഷകരമായി ബാധിക്കുകയില്ലെന്ന് എപ്രകാരമാണ് ഉറപ്പ് വരുത്തുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ഇക്കാര്യം ഉൾപ്പെടെ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ